**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1563** **07-02-2023 - ൽ മറുപടിയ്ക്ക്**

**പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിന് നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | 2019- ൽ കോടതി വിധിയിലൂടെ ലഭിച്ച ഭൂമിയിൽ പോക്കുവരവ് ചെയ്ത് ലഭിക്കണമെന്ന് ആവശ്യപ്പെട്ട് കാട്ടാക്കട താലൂക്ക് ഓഫീസിൽ നൽകിയ അപേക്ഷയിയിന്മേൽ (ഫയൽ നമ്പർ 8624/G1/2019 ) നാളിതുവരെ തീർപ്പ് കൽപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിരുത്തരവാദപരമായ സമീപനം സ്വീകരിച്ചവർക്കെതിരെ നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി1-8624/2019 നമ്പർ ഫയലുമായി ബന്ധപ്പെട്ട വസ്തു സംബന്ധിച്ച് ബഹു. നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ ഒ.എസ്. 300544/2020 നമ്പരായും ബഹു. കേരള ലോകായുക്തയിൽ C.N. 14/2022 B നമ്പരായും കേസ് നിലവിലുള്ളതിനാലും, തെറ്റായ തണ്ടപ്പേരുകൾ റദ്ദ് ചെയ്യേണ്ടതിനാലുമാണ് പോക്കുവരവ് ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത്. |
| (ബി) | പോക്കുവരവിന് അപേക്ഷിച്ചാൽ എത്ര നാളുകൾക്കുള്ളിലാണ് അപേക്ഷ തീർപ്പാക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | സേവനാവകാശ നിയമപ്രകാരം നിയമ തടസ്സമോ സാങ്കേതിക തടസ്സമോ ഇല്ലാത്ത സബ്ഡിവിഷൻ പോക്കുവരവ് കേസുകൾക്ക് 40 ദിവസം സമയപരിധി ഉണ്ട്. എന്നിരുന്നാലും വ്യക്തമായ അതിർത്തി, തർക്കരഹിതമായ കൈവശം, സബ്ഡിവിഷൻ ആവശ്യമില്ലാത്ത പോക്കുവരവ് കേസുകളിൽ അന്നേ ദിവസം തന്നെ പോക്കുവരവ് നടപടി സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത ഫയൽ എത്ര തവണയാണ് നിയമോപദേശത്തിനായി കളക്ടറേറ്റിൽ നൽകിയതെന്ന് വ്യക്തമാക്കുമോ; | (സി) | 3 തവണ നിയമോപദേശത്തിനായി നൽകിയിരുന്നു. |
| (ഡി) | പ്രസ്തുത അപേക്ഷ തീർപ്പാക്കി നൽകുന്നതിന് എത്ര നാൾ വേണ്ടിവരുമെന്നും അതിൽ നിയമപരമായി എന്തെങ്കിലും തടസ്സമുണ്ടോയെന്നും വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത അപേക്ഷ സ്ഥലം സംബന്ധിച്ച് തർക്കം നിലവിലുണ്ട്. കൂടാതെ ബഹു. നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ ഒ.എസ്. 300544/2020 നമ്പർ കേസുള്ളതിനാലും, തെറ്റായ പോക്കുവരവുകൾ റദ്ദ് ചെയ്യേണ്ടതായിട്ടുള്ളതിനാലുമാണ് അപേക്ഷ തീർപ്പാക്കുന്നതിന് തടസ്സം ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ